റാവു ബഹദൂർ ടി. കെ. നായർ: അതു് ഈ മെമ്പർതന്നെ നിഷേധിക്കുകയായിരിക്കും ഉത്തമം.

മിസ്റ്റർ എം. കെ. രാജ: ഗവമ്മെണ്ടിന്നു ബോദ്ധ്യമായിട്ടുണ്ടൊ ഇല്ലയൊ എന്നു നോട്ടീസുചെയ്യുന്നതിന്നു ഗവമ്മെണ്ടു് അതിനെ നിഷേധിക്കേണ്ടതല്ലെ?

റാവു ബഹദൂർ ടി. കെ. നായർ: അങ്ങിനെ ഒരു നോട്ടീസു ഗവമ്മെണ്ടിന്നു കിട്ടിയിട്ടില്ല.

ചെഴധരി ജി. എസ്സു്. ധാരാസിംഗ്: ഗവമ്മെണ്ടിന്നു ബോദ്ധ്യം വന്നിട്ടുണ്ടൊ ഇല്ലയൊ എന്നുള്ളതിന്നു ഗവമ്മെണ്ടിന്റെ ഒരു സ്റ്റെറ്റുമെൻറു് ആവശ്യമാണു്.

REVISION OF PAY OF TREASURY OFFICERS OF COCHIN-KANAYANNUR AND TRICHUR TALUKS—PROPOSAL REGARDING

223. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു് സദയംമറുപടി പറയുമൊ.—

(എ) കൊച്ചികണയന്നൂർ താലൂക്കിലേയും തൃശ്ശിവപേരൂർ താലൂക്കിലേയും ട്രഷറി ആപ്പീസ്സർമാരുടെ തസ്തിക ഡിവിഷണൽ ട്രഷറി ആപ്പീസ്സരുടേതാക്കി ൧൫൦ കു. മുതൽ ൨൦൦കു. വരെ ശമ്പളത്തിൽ ഉയർത്തുന്നതിന്നു വല്ല നിർദ്ദേശവും ഏതാണ്ടു് കൊല്ലത്തിന്നു മുൻപു് ഫിനാൻസു് കൺട്രോളർ ഗവമ്മെണ്ടിലേക്കു് സമർപ്പിക്കുകയുണ്ടായോ;

(ബി) ഉണ്ടായെങ്കിൽ അതേപ്പറ്റി എന്തു ഉത്തരവായി?

മിസ്റ്റർ പറമ്പി ലോനപ്പൻ: (എ) ഉണ്ടായി.

(ബി) പ്രസ്തുത നിർദ്ദേശം ഗവമ്മെണ്ടു് അംഗീകരിച്ചില്ല. ദിവാൻപേഷ്കാരുടെ ശുപാർശപ്രകാരം ട്രഷറിയിൽ ജോലി നോക്കുന്നതിന്നു കൂടുതൽ സ്റ്റാഫു് അനുവദിക്കുകയാണു ചെയ്തതു്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ട്രഷറിയിൽ വർദ്ധിച്ചുവന്ന ജോലിയെ പരിഗണിച്ചു ട്രഷറി ആഫീസർക്കു ശമ്പളം കൂട്ടണമെന്നാണൊ കൺട്രോളർ ശുപാർശ ചെയ്തതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ജോലി വർദ്ധിച്ചതിന്നു ക്ലാർക്കുമാരുടെ തസ്തിക വർദ്ധിപ്പിച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ക്ലാർക്കുമാരെ വർദ്ധിപ്പിച്ചാൽ ട്രഷറി ആഫീസ്സരുടെ ജോലിക്കു കുറവു വരുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ജോലി വർദ്ധിച്ചതിനെ പരിഗണിച്ചു് അദ്ദേഹത്തെ അസിസ്റ്റു ചെയ്യുന്നതിന്നു കൂടുതൽ ആളുകളെ വെച്ചുകൊടുത്തു.

RATIONING OF SUGAR—DETAILS REGARDING

224. മിസ്റ്റർ ആർ. എസ്സു്. തേവണ്ണഗൌണ്ടർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു് സദയം മറുപടി പറയുമൊ.—

(എ) റേഷൻകാർഡുപ്രകാരം മുഴവൻ പഞ്ചസാരയും ഗവമ്മെണ്ടിൽനിന്നും വിതരണം ചെയ്യുന്നുണ്ടൊ;

(ബി) പകുതി വീതം കാർഡുകാർക്കു കൊടുത്തു ബാക്കിവരുന്ന പഞ്ചസാര കൂടുതൽ വിലക്കു വില്ക്കുന്നുണ്ടൊ;

(സി) ഉണ്ടെങ്കിൽ എന്തു വിലക്കാണു വിറ്റുവരുന്നതു്;

(ഡി) ഇപ്പോൾ ഗവമ്മെണ്ടിൽനിന്നും ഓത്തൽ മനുഷ്യർക്കു ൧൦ ണ. വീതം വിറ്റുവരുന്ന പഞ്ചസാര എതാണു്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: (എ) ഉവ്വു്.

(ബി) ഇല്ല.

(സി) ഉത്തരം ആവശ്യമില്ല.

(ഡി) റേഷൻ കാർഡുപ്രകാരം കിട്ടുവാൻ അവകാശപ്പെട്ട പഞ്ചസാരയിൽ കൂടുതലായി ആവശ്യപ്പെടുന്നവർക്കു കൂടുതൽ വില കൊടുക്കണമെന്ന നിയമമുണ്ടായിരുന്നു. കൂടുതൽ കൊടുക്കുന്നവർക്കു പ്രത്യേക കോട്ടയൊന്നുമില്ല. പൊതുവെയുള്ള കോട്ടയിൽനിന്നു തന്നെ അത്യാവശ്യമുള്ളവർക്കു കൊടുത്തുവരുന്നു. ഇങ്ങിനെ കൊടുക്കുന്ന പഞ്ചസാര വളരെ

LIBRARY ARCHIVES Kerala Legislative Assembly

കുറച്ചുമാത്രമെയുള്ളൂ. ഇപ്പോൾ പ്രത്യേകം കൊടുക്കുന്ന പഞ്ചസാരക്കും സാധാരണ വിലയാക്കിയിട്ടുണ്ട്.

മിസ്റ്റർ ആർ. എസ്സ്. തേവണ്ണ ഗൌണ്ടർ: റേഷൻ തുടങ്ങിയ കാലത്തു് എത്ര പഞ്ചസാരവീതം ഒരാൾക്കു കൊടുത്തിട്ടുണ്ടെന്നു പറയാമോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഏഴു ഔൺസുവീതം.

മിസ്റ്റർ ആർ. എസ്സ്. തേവണ്ണഗൌണ്ടർ: അതിനുശേഷം അതിൽ കുറച്ചിട്ടില്ലെ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഉവ്വു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: റേഷൻകാർഡുപ്രകാരം പഞ്ചസാര കൊടുക്കുന്ന ഏർപ്പാടു് ഇപ്പോൾ നിറുത്തിയിട്ടുണ്ടോ? നിറുത്തുവാൻ ആലോചിക്കുന്നുണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ; നിറുത്തിയിട്ടില്ല. സ്റ്റോക്കു കുറച്ചുകുടിയുണ്ടു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ; സ്റ്റോക്കു തീർന്നാൽ കൺട്രോൾ എടുത്തു കളയുവാനാണോ തീർച്ചയാക്കിയിരിക്കുന്നതു്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അതെ.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കൺട്രോൾ എടുത്തുകളഞ്ഞാൽ ഉപഭോക്താക്കൾക്കു ശരിയായികൊടുക്കുവാൻ തക്കവണ്ണമുള്ള പഞ്ചസാര കിട്ടിയിട്ടുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ. അങ്ങിനെ ഒരു നിലവന്നാലെ അതു പറയുവാൻ സാദ്ധ്യമുള്ളൂ.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇപ്പോഴുള്ള സ്റ്റോക്കു തീരുന്നതോടുകുടി കൺട്രോൾ എടുത്തുകളഞ്ഞാൽ സാധാരണ കച്ചവടക്കാർക്കു് ഉപഭോക്താക്കൾക്കാവശ്യമായ പഞ്ചസാര കൊടുക്കുവാനുള്ള പരിതഃസ്ഥിതി ഉണ്ടാകുമോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: പുറമെയുള്ള എല്ലാദിക്കിലും കച്ചവടക്കാർക്കു പഞ്ചസാര കിട്ടുന്നുണ്ടു്. അതുപോലെ ഇവിടെയും കിട്ടുമെന്നാണു വിചാരിക്കേണ്ടതു്.

മിസ്റ്റർ പാറമേൽ ഐപ്പ് ഐപ്പ്: ഇപ്പോൾ എന്തു സ്റ്റോക്കുണ്ടു്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ൪൦൦ ടൺ.

മിസ്റ്റർ പാറമേൽ ഐപ്പ് ഐപ്പ്: ഈ ൪൦൦ ടൺ പഞ്ചസാര റേഷൻകാർഡു പ്രകാരം കൊടുത്തു തീർക്കുവാൻ എത്ര മാസം വേണ്ടിവരും?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഇപ്പോഴത്തെ മാതിരി കൊടുത്താൽ ഒന്നരമാസത്തേക്കുണ്ടാകും.

മിസ്റ്റർ പി. കെ. ഡീവർ: ഇപ്പോൾ പുറമെനിന്നു പഞ്ചസാര എടുക്കുവാൻ കച്ചവടക്കാരെ അനുവദിക്കുമോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഇല്ല.

മിസ്റ്റർ പി. കെ. ഡീവർ: അതെപ്പോൾ അനുവദിക്കും?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: സ്റ്റോക്കു തീരുമ്പോൾ.

മിസ്റ്റർ പാറമേൽ ഐപ്പ് ഐപ്പ്: സ്റ്റോക്കു തീരുന്നതിനുമുമ്പു പഞ്ചസാര പുറമെനിന്നു കൊണ്ടുവരുവാൻ അനുവദിക്കുന്നതിനു് എന്താണു വിരോധം?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അപ്പോൾ വിലയിൽ വല്ല വ്യത്യാസവും വന്നാൽ സ്റ്റോക്കിലുള്ള പഞ്ചസാരയുടെ വില കുറയും. അതുകൊണ്ടാണു്.

മിസ്റ്റർ പാറമേൽ ഐപ്പ് ഐപ്പ്: കൺട്രോൾ നിലവിലുള്ളതുകൊണ്ടു കുറഞ്ഞവിലക്കു കിട്ടാവുന്ന പഞ്ചസാരക്കു കൂടുതൽ വില കൊടുക്കേണ്ടതായിട്ടല്ലേ വരുക?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അനുഭവത്തിൽ അങ്ങിനെയല്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: കൺട്രോൾ എടുത്തുകളഞ്ഞാൽ വിലയിൽ വ്യത്യാസമുണ്ടാകുമെന്ന ഭയം ഗവർമ്മെണ്ടിനുണ്ടാകുന്നുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: വില കയറുന്നതിനും, ഇറങ്ങുന്നതിനും അധികം താമസം വേണ്ട. അങ്ങിനെ പെട്ടെന്നു വില കുറയുകയാണെങ്കിൽ നമുക്കു കുറച്ചു നഷ്ടംവരും.

മിസ്റ്റർ പി. കെ. ഡീവർ: കൺട്രോൾ നീക്കിയിട്ടുള്ള സ്ഥലങ്ങളിലെ അനുഭവംവെച്ചു നോക്കുമ്പോൾ വില കുറയുകയല്ലെ ചെയ്തിട്ടുള്ളതു്?

LIBRARY ARCHIVES Kerala Legislative Assembly

റാവുബഹദൂർ ടി. കെ. നായർ: അതെ.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: മറ്റു കാരണങ്ങൾകൊണ്ടു് കൺട്രോൾ ഉണ്ടാക്കുന്നതു് അഭിലഷണീയമാണെന്നവരികിലും സർക്കാരിന്റെ കയ്യിൽ കുറെ പഞ്ചസാരയുണ്ടു് എന്നകാരണത്താൽ മാത്രം പഞ്ചസാരയുടെ കൺട്രോൾ എടുത്തുകളയുകയില്ലെന്നാണോ ഗവർമ്മെണ്ടു പറയുന്നതു്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഗവർമ്മെണ്ടിന്റെ കയ്യിലുള്ള സ്റ്റോക്കു തീർന്നാൽ ഇളക്കുടാതെ കഴിക്കണമെന്ന ഉദ്ദേശമാണുള്ളതു്.

മിസ്റ്റർ പാറമേൽ ഐപ്പ് ഐപ്പ്: കൺട്രോൾ കൊണ്ടു വന്നിരിക്കുന്നതിൽ അന്തർഭവിച്ചിരിക്കുന്ന തത്വം സാധനങ്ങളുടെ വില കൂടിയിരിക്കുന്നതുകൊണ്ടു് ആ സാധനങ്ങൾ നിയന്ത്രിതവിലക്കു്, ശരിയായി ഉപഭോക്താക്കൾക്കു കിട്ടണമെന്നുള്ളതല്ലേ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അതെ.

മിസ്റ്റർ പാറമേൽ ഐപ്പ് ഐപ്പ്: ആ തത്വത്തിനു് എതിരല്ലെ വില കുറയുമെന്ന കരുതി കൺട്രോൾ എടുത്തുകളയാതിരിക്കുന്നതു്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അതെ. ഗവർമ്മെണ്ടിനു നഷ്ടം വരാതിരിക്കുവാനാണു് അങ്ങിനെ ചെയ്യുന്നതു്.

മിസ്റ്റർ പാറമേൽ ഐപ്പ് ഐപ്പ്: Consumers-ന്റെ ഇൻട്രസ്റ്റല്ലെ ഗവർമ്മെണ്ടു നോക്കേണ്ടതു്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അവരുടെ പണംകൊണ്ടാണു് അതു വാങ്ങിച്ചിട്ടുള്ളതു്. അപ്പോൾ അതു് നഷ്ടത്തിലാകാതെ നോക്കേണ്ടതും ആവശ്യമാണു്.

മിസ്റ്റർ എം. കെ. രാജു: സ്പെഷൽ പർമിറ്റപ്രകാരം കൊടുക്കുന്ന പഞ്ചസാരക്കു കൂടുതൽ വില വാങ്ങിയ്ക്കാമെന്നുണ്ടായിരുന്ന ഏർപ്പാടു ഗവർമ്മെണ്ടു വേണ്ടെന്നുവെച്ചു. അതു ഗവർമ്മെണ്ടിനു വലിയ ലാഭമുണ്ടാക്കുന്ന ഒരു ഏർപ്പാടായിരുന്നു. ഇപ്പോൾ നഷ്ടത്തെപ്പറ്റി പേടിയുണ്ടെന്നു പറയുന്ന ഗവർമ്മെണ്ടു് എന്തുകൊണ്ടാണു് ആ ലാഭം കൈവെടിഞ്ഞതു്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അതിനു രണ്ടു കാരണങ്ങൾ ഉണ്ടു്. അതിൽ ഒന്നു് ഈ സാധനത്തിൽനിന്നു ലാഭമുണ്ടാക്കുന്നതു് ഇൻഡ്യാഗവർമ്മെണ്ടിനു വിരോധമുള്ളതാണു്. രണ്ടാമത്തെ കാരണം, ശർക്കരയിൽ കുറച്ചു നഷ്ടമുണ്ടായിരുന്നു. ആ നഷ്ടത്തെ പരിഹരിക്കാനാണു കൂടുതൽ വിലക്കു പഞ്ചസാര കൊടുക്കാൻ നിശ്ചയിച്ചതു്. അതു പരിഹരിച്ചുകഴിഞ്ഞു.

മിസ്റ്റർ പി. ടി. ജേക്കബ്: നഷ്ടം പരിഹരിക്കപ്പെട്ടതു സാധുക്കളോടു പഞ്ചസാരയുടേയും മറ്റും വില വർദ്ധിപ്പിച്ചു പണം പിരിച്ചെടുത്തിട്ടതന്നെയല്ലേ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ടാക്സു് കൊടുക്കുന്ന ആളുകളുടെ പക്കൽനിന്നു പണം പിരിച്ചിട്ടാണു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇപ്പോൾ ഫുഡ് ഡിപ്പാർട്ടുമെണ്ടിൽനിന്നു തരുന്ന പഞ്ചസാരയുടെ വിലയും, മദിരാശി സംസ്ഥാനത്തിൽ ഫ്രീ ടെയിഡു് നടത്തുന്ന പഞ്ചസാരയുടെ വിലയും തമ്മിൽ നോക്കിയാൽ ഏതിനാണു് കൂടുതൽ വില?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: എന്റെ അനേഷണത്തിൽ ഫോർട്ടുകൊച്ചിയിൽ ചിലസമയത്തു വില കുറവാണു്. ചിലസമയത്തു് വില കൂടുതൽ വരുന്നുണ്ടു്.

മിസ്റ്റർ പി. കെ. ഡിവർ: ഇവിടെ പഞ്ചസാരക്കു വില കൂടിയെന്നു പറഞ്ഞുവല്ലോ. അങ്ങിനെ വില കൂട്ടിയതു ശർക്കരയിൽ വന്ന നഷ്ടം നികത്തുവാനാണോ അതൊ, പലരും സ്പെഷൽ പെർമിറ്റപ്രകാരം എപ്പോഴും പഞ്ചസാര വാങ്ങിയിരുന്നതുകൊണ്ടു് അങ്ങിനെ കൂടുതൽ വേണമെന്നുള്ളവർ കൂടുതൽ വിലകൊടുത്തു വാങ്ങണം എന്ന തത്വം അനുസരിച്ചോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: കടലാസ്സിൽ കാണുന്നതു് ശർക്കരയുടെ നഷ്ടം നികത്തുവാനാണെന്നാണു്.

മിസ്റ്റർ പി. കെ. ഡിവർ: ഗവർമ്മെണ്ടിന്റെ വക്താക്കൾതന്നെ ഈ കൊൺസിലിൽ സാധാരണക്കാരിലും കൂടുതൽ പഞ്ചസാര വേണമെന്നു് ആഗ്രഹിക്കുന്ന ആളുകൾ കൂടുതൽ വിലക്കു വാങ്ങിക്കണമെന്ന തത്വത്തിന്മേലാണു വിലകൂട്ടിയിട്ടുള്ളതെന്നു വ്യക്തമായി പറഞ്ഞിട്ടില്ലേ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: നോട്ടീസുവേണം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ശക്കരയുടെ വില പരിഹരിക്കുവാനാണ് എന്നു പറയുന്നത് പഞ്ചസാരക്ക വില കൂട്ടുവാൻ പറഞ്ഞിട്ടുള്ള കാരണങ്ങളിൽ ഒന്നല്ലെ എന്നു അനേഷിക്കാമോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അനേഷിക്കാം.

POLICE LINE—NEMMARA POLICE STATION—LAND ACQUISITION

225. മിസ്റ്റർ കെ. നടരാജൻ ചെട്ടിയാർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നു സദയം മറുപടി പറയുമോ.—

(എ) നെമ്മാറ പോലീസ് സ്റ്റേഷനടുത്തു പോലീസ് ലൈൻ കെട്ടേണ്ട ആവശ്യത്തിനു സ്ഥലം അകപയർചെയ്തു എടുത്തിട്ട് എത്ര കാലമായി;

(ബി) ടി സ്ഥലത്തു ലൈൻ പണിയാത്തതിനു കാരണമെന്താണ്;

(സി) ടി സ്ഥലത്തു വല്ല കൃഷിയും ചെയ്യാറുണ്ടോ;

(ഡി) ഇല്ലെങ്കിൽ കൃഷിചെയ്തുവന്നിരുന്ന സ്ഥലമായിരുന്നിട്ടും എന്തുകൊണ്ടു കൃഷി ചെയ്യുന്നില്ല?

റാവുബഹദൂർ ടി. കെ. നായർ: (എ) ഉ ണ്ടു കൊല്ലം. (ഉ ദ ാ ഹ ര ണ ത്തിൽ ആണ് സ്ഥലം അകപയർ ചെയ്തതു.)

(ബി) വേണ്ടത്ര പണം അലോട്ടുചെയ്യുവാൻ സാധിക്കാത്തതുകൊണ്ടു.

(സി) ഇല്ല.

(ഡി) അടുത്തകാലംവരെ മലവക ഡിപ്പാർട്ടുമെണ്ടുവക തടികൾ ആ സ്ഥലത്തു ശേഖരിച്ചിരുന്നു. സ്ഥലം അധികഭാഗവും പനവൃക്ഷങ്ങളെക്കൊണ്ടു നിറഞ്ഞുനില്ക്കുന്നു. ഉദ്ദേശം രണ്ടുകൊല്ലങ്ങൾക്കു മുമ്പു കൊള്ളികൃഷി നടത്തിനോക്കി. പക്ഷെ അതു ഫലപ്രദമായില്ല.

മിസ്റ്റർ കെ. നടരാജൻചെട്ടിയാർ: ഈ അകപയർസ്ഥലത്തു മുമ്പു നെൽകൃഷി ചെയ്തിരുന്നതാണ്. അതുകൊണ്ടു ഗവർമ്മെണ്ടു അവിടെ കെട്ടിടം കെട്ടുന്നില്ലെങ്കിൽ അതു മടക്കിക്കൊടുത്താൽ തരക്കേടില്ല. അന്നല്ലെങ്കിൽ ഗവർമ്മെണ്ടു അവിടെ കെട്ടിടം കെട്ടണം. അല്ലെങ്കിൽ ഗവർമ്മെണ്ടു അതു മടക്കിക്കൊടുക്കണം. ഇതു രണ്ടിലൊന്നു ചെയ്താൽ തരക്കേടില്ല.

മിസ്റ്റർ പി. ശങ്കരമേനോൻ: പോലീസു ലൈൻ കെട്ടുവാൻ എത്ര സംഖ്യവേണമെന്നു പറയാമോ?

റാവുബഹദൂർ ടി. കെ. നായർ: ഏകദേശം ആറായിരം ഉറുപ്പികയോളം വരും.

മിസ്റ്റർ പി. ശങ്കരമേനോൻ: ഈ ആറായിരം ഉറുപ്പിക ഉണ്ടാക്കുവാനായിട്ടു കൊച്ചിഗവർമ്മെണ്ടിനു പതിനേഴുകൊല്ലമായിട്ടും സാധിച്ചിട്ടില്ലെന്നാണൊ പറയുന്നതു?

റാവുബഹദൂർ ടി. കെ. നായർ: മറുപടി കണ്ടാൽ എതാണ്ടു അങ്ങിനെതന്നെയാണ് എനിക്കും തോന്നുന്നതു. മേലിൽ അതു ചെയ്യുവാനായിട്ടു ആലോചിക്കാം.

മിസ്റ്റർ പി. ശങ്കരമേനോൻ: ആദ്യം എസ്റ്റിമേറു തയ്യാറാക്കാതെയാണൊ ഈ അകപിസിഷൻ നടത്തിയതു?

റാവുബഹദൂർ ടി. കെ. നായർ: ആദ്യം എസ്റ്റിമേറു തയ്യാറാക്കിയിട്ടുണ്ടോ എന്നു നോക്കണം.

TENDER FOR SOFT WOOD—CHALAKKUDI DEPOT—PARTICULARS OF

226. മിസ്റ്റർ പി. കെ. ഡീവർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) ഉ ൻ ര ന്നു-ൽ ചാലക്കുടി ഡെപ്പോവിൽനിന്നു ൨, ൦ ൦ ൦ ടൺ സോഫ്ടു വുഡ് ടെണ്ടർ വിളിക്കുകയുണ്ടായോ;

(ബി) നാരകശ്ശേരി ബാലകൃഷ്ണൻ എന്നൊരാളും വി. കെ. ശ്രീധരൻ എന്നൊരാളും ചേർന്നു ഉ ദ ാ ര ത്രുപാ റേറിൽ ആ തടിക്കു ടെണ്ടർ നൽകുകയുണ്ടായിട്ടുണ്ടോ;

(സി) ഈ തടിക്കു വേറെ ആരെല്ലാമാണു ഏതു റേറിനു ടെണ്ടർ നൽകിയിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly